दूरभाष / Phone: 0481-2301231, ऐक्स्टे/Extension-346 फैक्स / FAX: 0481-2574902 ई-मेल / e-mail: ppr@rubberboard.org.in वेबसाइट / website: www.rubberboard.org.in

रबड़ बोर्ड
(भारत सरकार, वाणिज्य एवं उद्योग मंत्रालय)
पी.बी.नं.1122, सब् जेल रोड, कोट्टयम 686 002
केरल राज्य, भारत

THE RUBBER BOARD
(Government of India, Ministry of Commerce & Industry
P.B.NO.1122, SUB JAIL ROAD, KOTTAYAM - 686 0
KERALA STATE, INDIA.

प्रचार व जनसंपरक प्रभाग

PUBLICITY AND PUBLIC RELATIONS DIVISION

Ref.No.48/01(PRM-20)/2025-26/PUB

പ്രസ്സ് റിലീസ്

# അകാലിക ഇലകൊഴിച്ചിലിനും ഇലപ്പൊട്ടുരോഗത്തിനും എതിരെ മരുന്നുതളി നടത്തണം

കോട്ടയം

06 മെയ് 2025

കുമിൾരോഗങ്ങൾമൂലം ഇലകൾ നഷ്ടപ്പെടുന്നത് റബ്ബർതോട്ടങ്ങളിൽ 30 ശതമാനത്തിലധികം ഉത്പാദനനഷ്ടം ഉണ്ടാക്കുന്നതായി കണക്കാക്കുന്നു. മഴക്കാലത്താണ് കുമിൾരോഗങ്ങൾ കൂടുതലായി ബാധിക്കുന്നത്. ഈ വർഷം വേനൽമഴ കൂടുതലായി ലഭിക്കുന്നത് കുമിൾരോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത കൂട്ടും. അതുകൊണ്ട് റബ്ബർകർഷകർ മഴക്കാലത്തിനു മുമ്പുതന്നെ മരുന്നുതളി നടത്താൻ പ്രത്യേകം ശ്രദ്ധിക്കണം. പ്രതിരോധനടപടിയായി മരുന്നുതളിക്കുന്നത് മഴക്കാലത്ത് ഇലകൾക്ക് കുമിൾരോഗങ്ങളിൽ നിന്ന് സംരക്ഷണം നൽകും. കേരളത്തിൽ സാധാരണമായി മഴക്കാലം തുടങ്ങുന്നത് ജൂൺ മാസത്തിൽ ആയതിനാൽ മെയ് മാസത്തിൽ തന്നെ മരുന്നുതളി നടത്താൻ പ്രത്യകം ശ്രദ്ധിക്കണം.

ചെറുകിടകർഷകർക്ക് തങ്ങളുടെ തോട്ടത്തിൽ മരുന്നുതളി നടത്തുന്നതിനായി റബ്ബർബോർഡ് ഹെക്ടർ പ്രതി 4000 രൂപയുടെ സാമ്പത്തികസഹായം റബ്ബറുത്പാദകസംഘങ്ങളിലൂടെ നൽകുന്നുണ്ട്. കൃത്യ സമയത്തുതന്നെ മരുന്നുതളി നടത്തി ഈ ആനുകൂല്യം കൈപ്പറ്റാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് - റബ്ബർബോർഡ് കോൾസെന്റർ ഫോൺ - 0481 2576622

ഡോ. ഷാജി ഫിലിപ്പ് - ഫോൺ 9446386838

എഡ്വിൻ പ്രേം - ഫോൺ 9447568030

ഡെപ്യൂട്ടി ഡയറക്ടർ ഇൻ-ചാർജ്
പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ്, റബ്ബർബോർഡ്